July : 5

ജോയിന്റ് ഫോറം ബുള്ളറ്റിൻ - 3

ഇടപാടുകാരെയും ജീവനക്കാരെയും നിരന്തരമായി വഞ്ചിച്ചു കൊണ്ടിരിക്കുന്ന മാനേജ്മന്റ് പത്താം വാർഷിക ദിനത്തിൽ ക്രെഡിറ്റ് ക്യാമ്പയിൻ ആഹ്വാനം ചെയ്തു കൊണ്ട് വലിയ ആഘോഷത്തിന് ഒരുക്കം കൂട്ടുകയാണ്. കഴിഞ്ഞ ആറു മാസമായി ഒരു ATM പോലും കൊടുക്കാതെ ഇടപാടുകാരെ സ്ഥാപനത്തിൽ നിന്ന് ആട്ടിപ്പായിച്ചു കൊണ്ടിരിക്കുകയാണ് ഇവിടുത്തെ മാനേജ്മെന്റ്. മുഴുവൻ ജീവനക്കാരുടെ സംഘടനകളുമായി ഉണ്ടാക്കിയ കരാർ ലംഘിച്ചു കൊണ്ട് ജീവനക്കാരെയും ശത്രു പക്ഷത്തേക്ക് മാറ്റി നിർത്തിയിരിക്കുന്നു. നമ്മുടെ നിസ്സഹകരണം ശക്തമായി മുന്നോട്ടു പോകുന്ന ഈ അവസരത്തിൽ 08.07.2022 ദശവാർഷിക ദിനത്തിൽ പ്രഖ്യാപിക്കപ്പെട്ട ക്രെഡിറ്റ് ക്യാമ്പയിൻ പൂർണമായും ബഹിഷ്ക്കരിക്കാനാണ് സംഘടനകളുടെ സംയുക്ത വേദി തീരുമാനിച്ചിരിക്കുന്നത്. മുകളിലോട്ട് റിപ്പോർട്ടുകൾ അയച്ചു മേനി നടിക്കാനുള്ള മാനേജ്മന്റ് ശ്രമങ്ങളെ പരാജയപ്പെടുത്തിയെ മതിയാകൂ. നമുക്ക് ആവശ്യം പൊള്ളയായ വാഗ്ദാനങ്ങളും ആത്മാർഥതയില്ലാത്ത നിലപാടുകളുമല്ല, മറിച്ച് സത്യസന്ധമായ പ്രവർത്തനങ്ങളാണ്. ഇടപാടുകാരോടും ജീവനക്കാരോടും സത്യസന്ധത പുലർത്താത്ത ഒരു മാനേജ്മെന്റിനെ നിലയ്ക്ക് നിർത്താൻ, പ്രഖ്യാപിക്കപ്പെട്ട ക്രെഡിറ്റ് ക്യാമ്പയിൻ പൂർണമായും പരാജയപ്പെടുത്തണം. അന്ന് കൊടുക്കാനുള്ള ലോണുകൾ തലേ ദിവസവും പിറ്റേ ദിവസവുമായി നൽകുകയാണെങ്കിൽ KGB Day ആയ ദിവസം നൽകുന്ന ലോണുകൾ പരമാവധി ഒഴിവാക്കാൻ നമുക്ക് കഴിയും. മാനേജ്മെന്റിന്റെ മുഖത്തേൽക്കുന്ന ഏറ്റവും വലിയ പ്രഹരമായി അത് മാറും.

അതോടൊപ്പം KGB Day സെലിബ്രേഷനുമായി ബന്ധപ്പെട്ട് മിക്കവാറും വിങ്ങുകൾ പ്രത്യേകം പ്രത്യേകം ക്യാമ്പയിൻ സംഘടിപ്പിക്കുന്നുണ്ട്. ഡെപ്പോസിറ്റ്, മെഗാ അദാലത്ത് തുടങ്ങിയവ. ഏത് തരം ക്യാമ്പയിൻ ആയാലും നമ്മുടെ ജീവനക്കാർ ഒരു തരത്തിലും സഹകരിക്കരുത്.

മുഴുവനാളുകളും സമരത്തിന്റെ മുന്നണിപ്പോരാളികളാവുക. അന്തിമ വിജയം നമ്മുടേതാണ്.

ജനറൽ സെക്രട്ടറി

**KGBEU OU**
**KGBSA OC**
**KGBEA OA**
**KGBWO OO**